സ്ഥലമെടുപ്പിലെ ക്രമക്കേട്

106 [3253] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ടൂറിസം വകുപ്പിന്റെ കീഴിൽ വേളിയിൽ ടൂറിസം വികസനത്തിനായി നടന്ന സ്ഥലമെടുപ്പിലെ ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു തരത്തിലുള്ള അന്വേഷണമാണ് നടക്കുന്നത്;

(ബി) പ്രസ്തുത സ്ഥലത്തിന് ഒരു സെന്റിന് എത്ര രൂപാ വീതം സ്ഥലം ഉടമയ്ക്ക് നൽകി; ഉടമകളുടെ പേരും ഓരോരുത്തർക്കും നൽകിയ തുകയും വെളിപ്പെടുത്താമോ;

(സി) സ്ഥലം അക്വയർ ചെയ്യപ്പെട്ട ഏതെങ്കിലും വസ്തു ഉടമകളെ അക്വയർ ചെയ്ത സ്ഥലത്തുതന്നെ താമസിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ ഇപ്രകാരം താമസിപ്പിച്ചിട്ടുണ്ട്; ഓരോരുത്തർക്കും എത്രമാത്രം ഭൂമി അനുവദിച്ചിട്ടുണ്ട്; അവരിൽ നിന്നും എന്തു തുക വിലയായി ഈടാക്കി; ഇപ്രകാരം താമസിപ്പിക്കപ്പെട്ടവരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പുനരധിവാസത്തിന് സർക്കാരിന് ചെലവായ തുക എത്ര?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സ്ഥലത്തിന്റെ കിടപ്പനുസരിച്ച് വിവിധ വിഭാഗങ്ങളിലായി ഒരു ആറിന് 14,870 രൂപ മുതൽ 70,387 രൂപ വരെ വില നൽകിയിട്ടുണ്ട്. ഉടമകളുടെ പേരും നൽകിയ തുകയുടെ വിവരങ്ങളും ശേഖരിച്ചുനൽകുന്നതാണ്.

(സി) അക്വയർ ചെയ്ത സ്ഥലത്ത് ആരെയും താമസിപ്പിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേട്

107 [3254] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി.ടി.പി.സി.-യുടെ കീഴിൽ വേളി, ആക്കുളം, ശംഖുമുഖം എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനം, യൂണിറ്റുകളുടെ നടത്തിപ്പ്, കായലിലെ പായൽ നിർമ്മാർജ്ജനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പരാതികളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരാണ് അന്വേഷിച്ചത്;

(ഡി) വേളി, ശംഖുമുഖം, ആക്കുളം എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനം, കായലിലെ പായൽ നിർമ്മാർജ്ജനം എന്നീ പ്രവർത്തനങ്ങളിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ജില്ലാ കളക്ടർ, തിരുവനന്തപുരം.

(ഡി) 1998-2000 കാലയളവിലെ പ്രവർത്തനങ്ങളെക്കുറിച്ച് വിജിലൻസ് പ്രാഥമിക അന്വേഷണം നടത്തിവരുന്നു.

പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം

108 [3255] ശ്രീ. പിരപ്പൻകോട് മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കോവളം, വേളി, ആക്കുളം, വർക്കല, പൊൻമുടി, നെയ്യാർ, അരുവിക്കര എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പൊൻമുടിയിലേക്കുള്ള പാതയിലെ 22 ഹെയർപിൻ വളവുകൾ സൗന്ദര്യ വൽകരിക്കുന്നതിനുള്ള പദ്ധതി പരിഗണിക്കുമോ?

ഉത്തരം

(എ) ടി സ്ഥലങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സംബന്ധിച്ച് നിലവിൽ യാതൊരു പദ്ധതിയും സർക്കാരിന്റെ പരിഗണനയിൽ ഇല്ല. എന്നാൽ നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്.

(ബി) ഇപ്രകാരമൊരു പദ്ധതി ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

കാലടി ഏരിയ വികസന അതോറിറ്റി സമർപ്പിച്ച പദ്ധതികൾ

109 [3256] ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കാലടി-മലയാറ്റൂർ വിനോദസഞ്ചാര മേഖലയിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി കേന്ദ്ര-സംസ്ഥാന സർക്കാർ ഫണ്ട് ഉപയോഗിച്ച് ഏതെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും എന്ത് തുക വീതമാണ് അനുവദിച്ചിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതികൾ ആരംഭിക്കുന്നതിന് വരുന്ന കാലതാമസം എന്തു കൊണ്ടാണ് എന്നും ആയത് ഒഴിവാക്കി ഈ പദ്ധതികൾ എന്നേയ്ക്ക് ആരംഭിക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ;

(ഡി) കാലടി ആസ്ഥാനമായി പ്രവർത്തിക്കുന്ന കാലടി ഏരിയ വികസന അതോറിറ്റി ടൂറിസം വികസനവുമായി ബന്ധപ്പെട്ട് ഏതെല്ലാം പദ്ധതികൾ ആണ് സമർപ്പിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly